**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2547** **17-03-2022 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയുവാനും നികുതി പിരിവ് കാര്യക്ഷമമാക്കുവാനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുവാനും നികുതി പിരിവ് കാര്യക്ഷമമാക്കുവാനുമായി നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നിരവധി പദ്ധതികൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഊർജിതമാക്കുകയും വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. (ഓട്ടോമെറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ നിലനിന്നിരുന്ന പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകളെ ഉപയോഗിച്ചുള്ള പരിശോധന, ജി.എസ്.ടി. രജിസ്ട്രേഷൻ ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ജി.എസ്.ടി. യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും, ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം നികുതി വെട്ടിപ്പുകൾക്കെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനകളിൽ വൻ തുകകളുടെ ഇൻപുട്ട് ടാക്സ് തട്ടിച്ച നിരവധി കേസുകൾ ജി.എസ്.ടി. വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണെന്ന് കണ്ടതിനാൽ അതുമായി ബന്ധപ്പെട്ട ചില സത്വര നടപടികൾ വകുപ്പ് തലത്തിലും സ്വീകരിച്ചു. ഓഡിറ്റ് വിഭാഗം |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ലഭ്യമായ ജീവനക്കാരെ ഉൾപ്പെടുത്തി ഓഡിറ്റ് ടീമുകൾ രൂപീകരിച്ച് ട്രെയിനിങ് നടത്തുകയുണ്ടായി. എല്ലാ വിഭാഗങ്ങളിലെയും ജീവനക്കാർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ തുടർച്ചയായുള്ള പരിശീലന പരിപാടികളും വകുപ്പ് നടത്തിവരുന്നു. |
| (ബി) | ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സ്വർണ്ണവ്യാപാരമുൾപ്പടെയുള്ള പല മേഖലകളിലും ഉപഭോക്താക്കൾ കബളിക്കപ്പെടുന്നതും സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി ലഭിക്കാതിരിക്കുന്നതും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്, ബില്ല് ആവശ്യപ്പെടുവാൻ ഉപഭോക്താക്കൾക്ക് സ്വതവേയുള്ള വൈമുഖ്യം പ്രത്യേകിച്ചും സ്വർണ്ണവ്യാപാര മേഖലയിൽ ഉൾപ്പടെ ദുരുപയോഗം ചെയ്യപ്പെടുന്നു. സ്വർണ്ണത്തിന്റെ ഉയർന്ന മൂല്യവും അനായാസമായി ക്രയവിക്രയം ചെയ്യാനുള്ള സൗകര്യവും സ്വർണ്ണവ്യാപാര മേഖലയിൽ നികുതി വെട്ടിപ്പിനുള്ള സാധ്യതകളെ ഏറെ വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ വിവിധ പൊതു മാധ്യമങ്ങളിലൂടെ വകുപ്പ് ചെയ്തുവരുന്നു. കെ.എസ്.ജി.എസ്.ടി നിയമം 2017, വകുപ്പ് 31 പ്രകാരം ഒരു രജിസ്റ്റേർഡ് ടാക്സബിൾ പേഴ്സൺ നികുതി ബാധകമായ ഉൽപ്പന്നങ്ങൾ റെസിപിയെന്റിന് കൈമാറുന്ന സമയത്തുതന്നെ ടാക്സ് ഇൻവോയ്സും നല്കാൻ ബാധ്യസ്ഥനാണ്. ഇൻവോയ്സ് നൽകാതെ സാധനമോ സേവനമോ സപ്ലൈ ചെയ്യുക, തെറ്റായ ഇൻവോയ്സ് നല്കുക, സാധനമോ സേവനമോ സപ്ലൈ ചെയ്യാതെ ഇൻവോയ്സ് മാത്രം നൽകുക തുടങ്ങിയവയെല്ലാം വകുപ്പ് 122 പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങളാണ്. ആയതിനാൽ ജി.എസ്.ടി. ഇന്റലിജൻസ് സ്ക്വാഡുകൾ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്ന പക്ഷം ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (സി) | നികുതി പിരിവ് ഉദ്യോഗസ്ഥ മേഖലയിലെ അഴിമതികളും കൈക്കൂലിയും ഇല്ലാതാക്കാനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; മുൻ സർക്കാർ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി സമ്പ്രദായമാണ്. ജി.എസ്.ടി. രജിസ്ട്രേഷനായുള്ള അപേക്ഷ സമർപ്പിക്കൽ മുതൽ റിട്ടേൺ ഫയൽ ചെയ്യൽ, നികുതി, പിഴ, പലിശ എന്നിവയടക്കൽ, നോട്ടീസുകൾ ഉത്തരവുകൾ എന്നിവ നൽകൽ, മറ്റു അപേക്ഷകൾ മറുപടികൾ തുടങ്ങിയവ സമർപ്പിക്കൽ, റീഫണ്ട് അനുവദിക്കൽ തുടങ്ങി എല്ലാ പ്രക്രിയകളും ഓൺലൈൻ സംവിധാനത്തിൽ നടത്തപ്പെടുന്നതിനാൽ നികുതി ദായകന് നികുതി പിരിവ് ഉദ്യോഗസ്ഥരുമായി നേരിട്ട് ഇടപെടേണ്ടുന്ന സാഹചര്യം ജി.എസ്.ടി. യിൽ വളരെ വിരളമാണ്. അതുകൊണ്ടുതന്നെ ജി.എസ്.ടി. സംവിധാനം |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥ അഴിമതിക്കുള്ള സാധ്യതകളെ ഗണ്യമായി കുറയ്ക്കുന്ന ഒരു നികുതി സമ്പ്രദായം കൂടിയാണ്. എന്നിരുന്നാലും ഏതെങ്കിലും തരത്തിലുള്ള അഴിമതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും അഴിമതിയും കൈക്കൂലിയുമായി ബന്ധപ്പെട്ട് തൊണ്ണൂറുപേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ